"ഭരണഭാഷ മാതൃഭാഷ"

കുരുന്നുകൾക്ക് ചിറകേകി 45 നിറവിൽ

**നിയമസഭാ ചോദ്യം /മറുപടി /വളരെ അടിയന്തിരം/സമയപരിധി**

ഐസിഡിഎസ് ബി4/16851/21 (2)

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഇ-മെയിൽ: icdsbsection@gmail.com
തീയതി :

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

വിഷയം : വ.ശി.വി.വ-ഐസിഡിഎസ്- നിയമ സഭാ ചോദ്യം- USQ No. 5553- നക്ഷത്ര ചിഹ്നമില്ലാത്തത്- പ്രോജക്ടുകളിൽ നിലവിലുള്ള ഹെൽപ്പർ പ്രൊമോഷൻ ലിസ്റ്റിന്റെ - വിശദാംശങ്ങൾ ജില്ലാതലത്തിൽ ക്രോഡീരിച്ച് ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന : ശ്രീ പി പി മമ്മിക്കുട്ടി എം.എൽ.എ യുടെ USQ No. 5554 നം. ചോദ്യം

31.05.2017 തീയതി പ്രാബല്യത്തിൽ ഹെൽപ്പർമാരുടെ സ്ഥാനക്കയറ്റം നടത്തുന്നതിനായി എത്ര പ്രോജക്ടുകളിൽ മുൻഗണല ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും 31.05.2017 മുൻഗണനാ ലിസ്റ്റ് നിലനിൽക്കെ 30.04.2018 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പ്രോജക്ടുകളിൽ പുതിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും ആയത് ജില്ല തിരിച്ച് ലഭ്യമാക്കുവാനും സൂചന നിയമസഭാ ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഫോർമാറ്റിൽ icdsbsection@gmail.com എന്ന ഈ മെയിലിൽ 1.11.2021 ന് മുൻപായി ടി വിവരം ലഭ്യമാക്കേണ്ടതാണ്. നിയമസഭാ ചോദ്യത്തിനുള്ള മറുപടി നൽകേണ്ടതിനാൽ സമയപരിധി കർശനമായി പാലിക്കുവാൻ താങ്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം : 1. പ്രൊഫോർമ

2. സൂചന കത്തിന്റെ പകർപ്പ്

പകർപ്പ് : എല്ലാ സിഡിപിഒ മാർക്കും – (വിശദാംശങ്ങൾ അടിയന്തിരമായി പ്രോഗ്രാം ആഫീസർമാർക്ക് സമയപരിധി പാലിച്ച് നൽകേണ്ടതാണ്)

**പ്രൊഫോർമ്മ**

ജില്ല :

| ക്രമ നമ്പർ | പ്രോജക്ടിന്റെ എണ്ണം | 31.05.2017 പ്രാബല്യത്തിൽ താങ്കളുടെ ജില്ലയിൽ എത്ര പ്രോജക്ടിൽ ഹെൽപ്പർ പ്രൊമോഷനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. (എണ്ണം) | 31.05.2017 തീയതി പ്രാബല്യത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ള പക്ഷം പ്രസ്തുത ലിസ്റ്റ് നില നിൽക്കെ താങ്കളുടെ ജില്ലയിൽ എത്ര പ്രോജക്ടുകളിൽ 30.04.2018 ലെ ഉത്തരവ് അടിസ്ഥാനപ്പെടുത്തി പുതിയ ഹെൽപ്പർ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.(എണ്ണം) | അഭിപ്രായം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

തീയതി : പ്രോഗ്രാം ഓഫീസർ

സ്ഥലം :

IEDS B

16851

വിശദമാക്കാമോ;

(സി) ആധുനിക വിഷ്വൽ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ജന്റർ മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

## കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ

5552 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ കണക്ക് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് എന്തെല്ലാം സഹായം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

## വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നുള്ള ഉദ്യോഗകയറ്റം

By

5553 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നും വർക്കറായി ഉദ്യോഗകയറ്റം ലഭിക്കുന്നതിന് 31/05/2017 തീയതി പ്രാബല്യത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടുകളിലാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ 30/04/2018 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/05/2017-ലെ ലിസ്റ്റ് നിലനിൽക്കവെ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടുകളിലേക്കാണ് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം നൽകാമോ?

## സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം

5554 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കോന്നിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.എഫ്.ആർ.ഡി.)-നെ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സർക്കാർ മുമ്പാകെയുണ്ടോ;

(സി) നിലവിൽ സി.എഫ്.ആർ.ഡി.യുടെ കെട്ടിടവും സ്ഥലവും ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ജീവനക്കാരാണ് സ്ഥിരമായും താൽക്കാലികമായും ഇവിടെ ജോലിചെയ്യുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

## അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും വാതിൽപ്പടി വിതരണം

5555 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ്